# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1292    30/01/2018 ൽ മറുപടിയ്ക്ക്

### സംസ്ഥാന സ്കൂൾ കലോത്സവം

**ചോദ്യം** — ശ്രീ. പി.കെ. ശശി

**ഉത്തരം** — പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സ്കൂൾ കലോൽസവ വേദിയിൽ കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ദുരനുഭവങ്ങളും പിഴവുകളും സമ്മാനലബ്ധിയ്ക്കുവേണ്ടി നടന്നുവന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും എന്താണ് എന്നു വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ കാലങ്ങളിൽ യുവജനോത്സവം സംബന്ധിച്ച് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം കുട്ടികൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കാനായി പരിഷ്കരിച്ച മാന്വലിൽ ധാരാളം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. അതിൽ പ്രധാനമായി ഒന്ന്, രണ്ട്,മൂന്ന് സ്ഥാനങ്ങൾ ഒഴിവാക്കി. അതുകൊണ്ട് തന്നെ കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ദുരനുഭവങ്ങൾ ഭാഗികമായി കുറയുകയുണ്ടായി. ബാലാവകാശ കമ്മീഷന്റെ വ്യാജ അപ്പീലുമായി മത്സരിക്കാൻ വന്നത് നിയമവിരുദ്ധ പ്രവർത്തനമാണ്. ഇത് കണ്ടെത്തുകയും മുഴുവൻ വ്യാജ അപ്പീലുകളും തടയുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവയിൽ നിന്നു കലോത്സവ വേദിയെ ശുദ്ധീകരിക്കാനും ഇത്തരം പ്രവണതകൾ ഇല്ലാതാക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | (ബി) | നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തിയ കേസുകളിൽ അന്വേഷണം നടത്തുന്നതിനുള്ള ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു കൂടാതെ തൃശ്ശൂർ ലോക്കൽ പോലീസിന് ഇക്കാര്യത്തിൽ പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (സി) | 2017-18 അധ്യയന വർഷത്തിലെ കലോത്സവത്തിൽ പങ്കെടുക്കാനായും സമ്മാനം ലഭിക്കാനുമായി വഴിവിട്ട് പ്രവർത്തിച്ചവരായി കണ്ടെത്തിയ വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ടവർ, മറ്റുള്ളവർ എന്നിവരുടെ പ്രവർത്തനം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ ; | (സി) & (ഡി) | ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പേരിലുള്ള വ്യാജ അപ്പീലുകളുമായി മത്സരത്തിൽ പങ്കെടുത്തത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | വഴിവിട്ട് പ്രവർത്തിച്ചവരായി കണ്ടെത്തിയവർ ആരെല്ലാമെന്നും അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇനിയും കണ്ടെത്തേണ്ടവർ ഉണ്ടോ എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ